# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2118** **18.03.2015 ൽ മറുപടിയ്ക്ക്**

## കാറ്റാടിപ്പാടം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ആർ.സെൽവരാജ്<br>" എ.പി.അബ്ദുള്ളക്കുട്ടി<br>" ഡൊമിനിക് പ്രസന്റേഷൻ<br>" ജോസഫ് വാഴയ്ക്കൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ എൻ.എച്ച്.പി.സി.യുമായി കേരള സർക്കാർ 6.1.2014 ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി പാലക്കാട് ജില്ലയിലെ അഗളി, അട്ടപ്പാടി പ്രദേശങ്ങളിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ഇതു സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ; | (ബി) ഉണ്ട്. സംസ്ഥാനത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനായി പദ്ധതി രൂപീകരിക്കുന്നതിന്റെ മുന്നോടിയായി കാറ്റിന്റെ ലഭ്യതയുള്ള സ്ഥലങ്ങളിൽ വിന്റ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിച്ച് കാറ്റിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ അളവ് ശേഖരിച്ചു വരുന്നു. ഇപ്പോൾ ഏകദേശം 650 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) ഉണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ എൻ.എച്ച്.പി.സി.യുമായി 6.1.2014 ൽ കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. എൻ.എച്ച്.പി.സി യിൽ നിന്നും ലഭിച്ചിട്ടുള്ള Detailed Project Report (DPR) പരിശോധനയിലാണ്. |
| (ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) ആദ്യ ഘട്ടത്തിൽ 82 മെഗാ വാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ വെട്ടത്തൂർ, പാലക്കാട് ജില്ലയിലെ കോട്ടത്തറ എന്നീ സ്ഥലങ്ങൾ പുതിയ 220 |

കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കൽ, 220 കെ.വി. പ്രസരണ ലൈനിന്റെ നിർമ്മാണം എന്നിവയുടെ സാധ്യതാപഠനം കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിക്കഴിഞ്ഞു. പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) പദ്ധതി നടത്തിപ്പിന് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ് വിശദാംശം വ്യക്തമാക്കുമോ?

(ഇ) പാലക്കാട് ജില്ലയിലെ അട്ടപ്പാടി, അഗളി, കഞ്ചിക്കോട് എന്നീ പ്രദേശങ്ങളാണ് ഒന്നാം ഘട്ട പദ്ധതിക്കായി അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**